# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 116 09.06.2014-ൽ മറുപടിക്ക്

**ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ**

ചോദ്യം ഉത്തരം

| | ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നേമം നിയോജകമണ്ഡലത്തിലെ കമലേശ്വരം വാർഡിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നേമം നിയോജക മണ്ഡലത്തിൽ കമലേശ്വരം വാർഡിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2013 നവംബർ 22-ന് ബഹു.തുറമുഖ വകുപ്പ് മന്ത്രി ഉത്ഘാടനം ചെയ്തു. ഡിസംബർ മാസത്തിൽ സാന്റ് പൈലിംഗ് പൂർത്തിയായപ്പോഴേക്കും നിർമ്മാണ പ്രവൃത്തി നടന്നു വന്ന സൈറ്റിന് സമീപം താമസിക്കുന്ന ശ്രീമതി.സി.രാജമ്മ, റ്റി.സി 43/374 കമലേശ്വരം, മണക്കാട്, തിരുവനന്തപുരം എന്നവർ സാന്റ് പൈലിംഗ് പണി മൂലം തന്റെ കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചിരിക്കുകയാണെന്നും വീട് പുനർ നിർമ്മിച്ചു തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ടിയാളുടെ മക്കളും സമീപവാസികളും ചേർന്ന് പണി നിർത്തി വയ്പ്പിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ ചീഫ് ഹൈഡ്രോഗ്രാഫറുടെ ഓഫീസിൽ നിന്നും പൂന്തുറ സർക്കിൾ ഇൻസ്പെക്ടർക്ക് പരാതി നൽകുകയും അദ്ദേഹം അനുരഞ്ജന നടപടികൾക്ക് ശ്രമിച്ചെങ്കിലും ഫലപ്രദമായില്ല. ഇതിനിടയിൽ ടിയാളുടെ വീടിനുണ്ടായ കേടുപാടുകൾ, തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് അധികൃതരെകൊണ്ട് പരിശോധിപ്പിക്കുകയും അവരുടെ റിപ്പോർട്ട് ലഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്.വീടിന്റെ കേടുപാടുകൾ സാന്റ് പൈലിംഗ് മൂലമല്ലായെന്നും മൂന്ന് ഭാഗമായി നിർമ്മിച്ചിരിക്കുന്ന വീടിന്റെ അടിസ്ഥാന നിർമ്മാണ പ്രവൃത്തിയിലുണ്ടായ അപാകത മൂലമാണെന്നും റിപ്പോർട്ടിൽ പറയുന്നു.ജനപ്രതിനിധികൾ അടക്കമുള്ളവരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി സമയബന്ധിതമായി തർക്കം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മീറ്റിംഗ് കൂടുന്നതിലേക്ക് ബഹു.സ്ഥലം എം.എൽ.എ യോട് സൗകര്യപ്രദമായ ദിവസം അറിയിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിച്ച് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (സി) | അഭിപ്രായ സമവായം ഉണ്ടാകുന്ന മുറയ്ക്ക് നിർമ്മാണം പുന:രാരംഭിക്കും |

സെക്ഷൻ ഓഫീസർ